AMLPS തിരുനാരായണപുരം

# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

2025-2026

# സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ പാതയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ കുന്തിപ്പുഴയുടെ ഓളങ്ങളെ തഴുകിക്കൊണ്ട് 100 വർഷത്തെ പാരമ്പര്യം കാത്ത് സൂക്ഷിച്ച് നിലകൊള്ളുന്ന AMLP തിരുനാരായണപുരം സ്കൂളിന്റെ 'വിഷൻ 2025-26' നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുകയാണ്

മതനിരപേക്ഷതയും ജനാധിപത്യമൂല്യവും കാത്ത് സൂക്ഷിച്ചുകൊണ്ട് സ്കൂൾ അക്കാദമിക മികവ് അന്താരാഷ്ട്ര തലത്തിലേക്ക് എത്തിക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ~~ആത്യന്തിക~~ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്ക് ഉയരാൻ വിദ്യാലയത്തെ സ്നേഹിക്കുന്ന എല്ലാവരും ഞങ്ങളോടൊപ്പം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

ഈ മാസ്റ്റർപ്ലാനിലെ ഓരോ പ്രവർത്തനവും പരിഷ്കരിച്ചും പുതിയവ കണ്ടെത്തിയും ഞങ്ങളെ പ്രോത്സാഹിപ്പിക്കാൻ നിങ്ങൾകൂടി ഉണ്ടാവുമ്പോഴാണ് ഞങ്ങളുടെ ഈ എളിയ ഉദ്യമം വിജയിക്കുന്നത്.

സ്നേഹപൂർവ്വം,

ശ്രീ. അബ്ദുറഹിമാൻ
(മാനേജർ)

ശ്രീമതി. സുജാത. പി
(ഹെഡ്മിസ്ട്രസ്)

ശ്രീ. മുഹമ്മദാലി EK
(PTA പ്രസിഡന്റ്)

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് - AMLP സ്കൂൾ തിരുനാരായണപുരം

വിലാസം - പുലാമന്തോൾ PO, തിരുനാരായണപുരം,
മലപ്പുറം-679323

ഫോൺ - 9495996281

സ്കൂൾ കോഡ് - 18738

വിദ്യാഭ്യാസ ഉപജില്ല - പെരിന്തൽമണ്ണ

വിദ്യാഭ്യാസ ജില്ല - മലപ്പുറം.

റവന്യൂ ജില്ല - മലപ്പുറം

ബി.ആർ.സി - പെരിന്തൽമണ്ണ

സി.ആർ.സി - വളപുരം.

ഗ്രാമപഞ്ചായത്ത് - പുലാമന്തോൾ

വാർഡ് - VI

ബ്ലോക്ക് പഞ്ചായത്ത് - പെരിന്തൽമണ്ണ

ജില്ലാ പഞ്ചായത്ത് - മലപ്പുറം

നിയമസഭാമണ്ഡലം - പെരിന്തൽമണ്ണ

ലോകസഭാമണ്ഡലം - പൊന്നാനി

താലൂക്ക് - പെരിന്തൽമണ്ണ

വില്ലേജ് - പുലാമന്തോൾ

ഇ മെയിൽ - amlps.tnpuram@gmail.com

മാനേജർ - ശ്രീ അബ്ദുറഹിമാൻ. CP

ഹെഡ്മിസ്ട്രസ് - ശ്രീമതി സുജാത. പി.

# സ്കൂൾ ചരിത്രം

പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ തിരുനാരായണപുരം [illegible]പടി പ്രദേശത്ത് തിരുനാരായണപുരം എ.എം. എൽ.പി സ്കൂൾ നിലകൊള്ളുന്നു. ഭാവിതലമുറക്കായി നൽകുന്ന ഏറ്റവും വലിയ ധനം വിദ്യാഭ്യാസമാണെന്ന് വർഷങ്ങൾക്ക് മുമ്പേ മനസ്സിലാക്കിയ 'കമ്മുമൊല്ലാക്ക' എന്ന ദീർഘവീക്ഷണമുള്ള വ്യക്തിയുടെ ശ്രമഫലമായി 1925 ലാണ് ഈ സ്ഥാപനം അക്ഷരാഭ്യാസത്തിനായി ആരംഭം കുറിച്ചത്. അന്ന് ഈ സ്ഥാപനം നിലനിന്നിരുന്നത് ആൾതാമസമില്ലാത്ത വാഴംകുന്ന് ഇറങ്ങിയാൽ കാണുന്ന UP പ്രദേശത്ത് ആയിരുന്നു. ഒന്നുമുതൽ 5 വരെ ക്ലാസുകൾ അന്ന് പ്രവർത്തിച്ചിരുന്നു. അറിവിന്റെ ആദ്യാക്ഷരം നുകരാനായി ഒരുപാട് ദൂരം നടന്നു കുട്ടികൾ ഇവിടെ എത്തിയിരുന്നത്രെ. ഒരു വ്യക്തിക്ക് ഒറ്റക്ക് ഒരുകാലം മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ലെന്ന് മനസ്സിലാക്കിയ കമ്മുമൊല്ലാക്ക 1972 കളിൽ ഈ സ്ഥാപനം തിരുനാരായണപുരം മഹല്ല് മദ്രസക്ക് കൈമാറി. തുടർന്ന് കുറച്ചു വർഷങ്ങൾ മദ്രസ കെട്ടിടത്തിൽ വിദ്യാലയം പ്രവർത്തിച്ചു. പിന്നീട് നന്മയുള്ള ഒരു കൂട്ടം വ്യക്തികളുടെ ശ്രമഫലമായി വിദ്യാലയത്തിന് സ്വന്തമായി ഒരു കെട്ടിടം എന്ന സ്വപ്നം സഫലമായി. ഇന്ന് Pre KG മുതൽ 4 വരെ ക്ലാസുകളിലായി 50 സെന്റ് സ്ഥലത്ത് ഈ വിദ്യാലയം പ്രവർത്തിച്ചു വരുന്നു. മദ്രസ പ്രസിഡന്റ് സ്കൂൾ മാനേജറായി തുടരുന്നു. ഇപ്പോഴത്തെ മാനേജർ പി. അബ്ദു-റഹിമാൻ അവർകളാണ്. ഒരു പ്രധാന അധ്യാപികയും 7 അധ്യാപിക

മാത്രം ഉപ്പിലിട്ട അച്ചാറുകളും ഒരു പലഹാരവും.
ഒരു പാചകമേളയും നടത്തുന്നതാണ് ഞങ്ങളുടെ
ഈ കൊച്ചു കൂട്ടായ്മ. നാടിന്റെ ആഘോഷങ്ങളാണ്
പൊതുവിദ്യാലയങ്ങൾ എന്ന തിരിച്ചറിവോടെ ഈ ഗ്രാമത്തിന്റെ
മുഴുവൻ പിന്തുണയോടും കൂടി ഗ്രാമത്തിന്റെ വിദ്യാലയം മുന്നേറുന്നു

# സ്കൂളിലെ നിലവിലെ അവസ്ഥ

## ഭൗതികം

× അടച്ചുറപ്പുള്ള ചുറ്റുമതിൽ
× 9 ക്ലാസ്മുറികളോട് കൂടിയ 2 കെട്ടിടങ്ങൾ
× വിശാലമായ ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ്
× 3 കമ്പ്യൂട്ടറുകൾ, 5 ലാപ്ടോപ്പ്, 2 പ്രൊജക്ടർ
× 1500 ഓളം പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി
× വൈദ്യുതീകരിച്ച ക്ലാസ്മുറികൾ, ഫാൻ, പ്രത്യേക ഫർണിച്ചറുകൾ വിസ്മയബോർഡുകൾ, സജ്ജീകരിച്ച ക്ലാസ് ലൈബ്രറി
× സ്കൂളിന് സ്വന്തമായി ഒരു മൈക്ക്
× സ്കൂൾ ഗാനം
× കുടിവെള്ളത്തിനായി കിണറു. കുഴൽ കിണറു.
× ജലശുദ്ധീകരണത്തിനായി ഒരു വാട്ടർ പ്യൂരിഫയർ
× വൈദ്യുതീകരിച്ച ടൈൽ പാകിയ ആധുനികസൗകര്യങ്ങളോട് കൂടിയ വൃത്തിയുള്ള അടുക്കള
× കുട്ടികളുടെ അനുപാതത്തിന് അനുസരിച്ച് ആവശ്യമായ ടോയ്‌ലറ്റുകൾ
× മഴ നനയാതെ കൈ കഴുകാനുള്ള സൗകര്യം
× കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ഉതകുന്ന മിനിപാർക്ക്
× വിശാലമായ കളിസ്ഥലം.
ഗണിതശേഷി നിലവാരത്തെ പരിഗണിക്കുന്ന ലാബ്

# ഭൗതികമായ പരിമിതികൾ

- ഇടതിങ്ങിയതും കൂടിയ സൗകര്യപ്രദമായ ക്ലാസ് മുറികളുടെ അഭാവം
- നഗരവൽക്കരണത്തിൽ പാർക്കിനുള്ള സ്ഥല പരിമിതി
- മഴയും വെയിലും കൊള്ളാത്ത അസംബ്ലി ഹാൾ ഇല്ല
- [illegible] അടുക്കള
- ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റ് അഭാവം
- കുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ ഇല്ല
- വിശാലമായ ഒരു തുറന്ന സ്റ്റേജ്
- കാഴ്ചപ്പാട്: പുതിയ കെട്ടിടം, മിനി പാർക്ക്

# മുൻവർഷങ്ങളിലെ അക്കാദമിക നേട്ടങ്ങൾ

വിജയസ്പർശം പരിപാടിയിലൂടെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കാൻ കഴിഞ്ഞു. ഇംഗ്ലീഷ് ഭാഷയിലും എല്ലാ കുട്ടികളെയും ഒരു വിധം വായനയിലേക്ക് എത്തിക്കാൻ കഴിഞ്ഞു.

സ്കൂൾ തലത്തിൽ കലാ-കായിക പ്രവൃത്തിപരിചയ മേളകൾ വിപുലമായി നടത്തി ജില്ലാതലത്തിൽ വരെ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയാറുണ്ട്

LSS നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്

പഞ്ചായത്ത് തല കലാമേള, സ്പോർട്സ് മറ്റു മത്സരങ്ങൾ തുടങ്ങിയ പരിപാടികളിൽ മികച്ച സ്ഥാനം ഉറപ്പുവരുത്താൻ കഴിയാറുണ്ട്.

- എല്ലാമാസവും മൊഡ്യൂൾ തയ്യാറാക്കി ക്ലാസ് തലത്തിൽ വ്യത്യസ്ത ദിവസങ്ങളിലായി CPTA വിളിക്കാനും 90% ത്തോളം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും കഴിയാറുണ്ട്.
- ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിനും കമ്പ്യൂട്ടർ ലാബ് ക്രമീകരിച്ചിട്ടുണ്ട്.
- എല്ലാമാസവും മികച്ച സ്കൂൾ ബാലസഭ നടത്തി, വർഷാന്ത്യത്തിൽ വിപുലമായി ഇംഗ്ലീഷ് ഫെസ്റ്റ്, പഠനോത്സവം, വാർഷികാഘോഷം എന്നിവയും നടത്തി വരുന്നു.

# സ്കൂൾ തല മാസ്റ്റർ പ്ലാൻ- AMLPS തിരുനാരായണപുരം

## ആമുഖം

പുതുക്കിയ പാഠ്യപദ്ധതി കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങളാണ് നൽകിയിരിക്കുന്നത്. കൂടുതൽ ലളിതവും പഠനപ്രക്രിയയിൽ ഊന്നിയതും പഠന ലക്ഷ്യത്തിൽ കേന്ദ്രീകൃതമായതുമായ ഈ പാഠ്യപദ്ധതി എല്ലാ നിലവാരക്കാരെയും ഉൾപ്പെടുത്തുന്ന ലഘുവായ പഠനപ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതയും പുതുക്കിയ പാഠ്യപദ്ധതി പ്രയോജനപ്പെടുത്തുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റുന്നു. അതോടൊപ്പം കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പാഠ്യപദ്ധതി ലക്ഷ്യമിടുന്നു.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഫലപ്രദമാണിത്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾതലത്തിൽ കാര്യക്ഷമമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർപ്ലാനിൽ കുട്ടികളിൽ ഉണ്ടാകേണ്ട മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾച്ചേർത്തിട്ടുണ്ട്.

# 2025-26 അക്കാദമിക പദ്ധതികൾ

ഭാഷാശേഷി വികസനം

വിഷയം – മലയാളം

**ലക്ഷ്യങ്ങൾ**

× എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുന്നു

× എല്ലാ കുട്ടികളെയും അക്ഷരവും ചിഹ്നവും തിരിച്ചറിഞ്ഞ് സ്വതന്ത്രവും സർഗ്ഗാത്മകവുമായ രചനകളിലും അവതരണങ്ങളിലും ഏർപ്പെടാൻ പ്രാപ്തരാക്കുന്നു.

| പ്രവർത്തനങ്ങൾ | ഉപഭോക്താവ് | ചുമതല | കാലയളവ് |
|---|---|---|---|
| × കുട്ടികളുടെ നിലവാരം അളക്കുന്നതിനു വേണ്ടി പ്രീടെസ്റ്റ് (വിജയസ്പർശം) | 2-4 കുട്ടികൾ | അധ്യാപകർ | ജൂൺ – രണ്ടാം വാരം |
| × അക്ഷരം, ചിഹ്നങ്ങൾ, കൂട്ടക്ഷരം എന്നിവ ചാർട്ടുകൾ | 2-4 കുട്ടികൾ | അധ്യാപകർ | ജൂലൈ |
| × അക്ഷരകാർഡ്, പദകാർഡ് | 1-4 കുട്ടികൾ | അധ്യാപകർ | ജൂലൈ |
| × ക്ലാസ് ലൈബ്രറി സജ്ജീകരണം | 1–4 | അധ്യാപകരും കുട്ടികളും | ജൂൺ – ജൂലൈ |
| × വായനക്കൂട്ടം (ക്ലാസ്തലം) | 1–4 | അധ്യാപകർ | ആഗസ്റ്റ് |
| × സർഗ്ഗാത്മകഡയറി, സംയുക്തഡയറി | 3–4<br>1–2 | കുട്ടികൾ, അധ്യാപകർ | ജൂൺ – മാർച്ച് |
| × കാവ്യോത്സവം, ബാലസഭ, പഠനോത്സവം | 1–4 | PTA<br>അധ്യാപകർ | ജനു – മാർച്ച് |

| | | | |
|---|---|---|---|
| വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണവും അമ്മ വായനയും<br>പുസ്തക പ്രദർശനം, വായനാമത്സരം, വായനക്കുറിപ്പ് സാഹിത്യ ക്വിസ്, പുസ്തക പരിചയം, ആസ്വാദനം<br>കഥ, കവിത ശില്പശാല സാഹിത്യകാരന്മാരുമായി അഭിമുഖം. | കുട്ടികൾ | അധ്യാപകർ | ഒക്ടോബർ ഡിസംബർ |
| 2 പൊതു ഗ്രന്ഥശാല സന്ദർശനം മെമ്പർഷിപ്പ് എടുക്കൽ | | | |
| 3 പറയാം, എഴുതാം, അഭിനയിക്കാം, പാടി അവതരിപ്പിക്കാം, കഥയെ നാടകമാക്കാം. | കുട്ടികൾ | അധ്യാപകർ | ജനു മാർച്ച് |
| 4 മാഗസിൻ തയ്യാറാക്കൽ | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലഘട്ടം |
|---|---|---|
| 1 മുതൽ 10000 വരെ സംഖ്യാബോധം പൂർത്തിയാക്കുന്നു | - സംഖ്യകൾ എടുക്കുന്നു.<br>- സ്ഥാനവില ബോർഡ്, അബാക്കസ്<br>- കളിനോട്ടു, നാണയങ്ങളുള്ള പണമിടപാടുകൾ<br>- പാറ്റേണുകൾ<br>- മാന്ത്രിക ചതുരം.<br>- ഗണിത കളികൾ | ജൂൺ - ഒക്ടോബർ |
| സമയത്തെക്കുറിച്ച് ധാരണ | - ക്ലോക്ക്, കലണ്ടർ പരിചയപ്പെടുത്തുന്നു അളന്നെടുക്കുന്നു.<br>- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | ജൂലൈ - ആഗസ്റ്റ് |
| ജ്യാമിതീയ രൂപങ്ങളെക്കുറിച്ച് ധാരണ | - ചുറ്റുപാടുമുള്ള ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു<br>- രൂപങ്ങൾ വരക്കുന്നു<br>- ജ്യാമിതീയ ചിത്രങ്ങൾ<br>- ചിത്രപാറ്റേൺ | ഒക്ടോബർ - നവംബർ |
| ചതുഷ്ക്രിയകൾ തെറ്റുകൂടാതെ ചെയ്യുന്നു | - സങ്കലനം, വ്യവകലനം, ഗുണനം, ഹരണം<br>- നീളം, ഭാരം, ഉള്ളളവ് മുതലായ വ്യത്യസ്ത അളവുകളുടെ സങ്കലനം, വ്യവകലനം<br>- പാറ്റേൺ<br>- തുല്യമായി വീതിക്കൽ<br>- ഗണിതകളികൾ | ജനുവരി - മാർച്ച് |

| | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗണിതകിറ്റ് ഉറപ്പാക്കുന്നു (വീട്ടിലും വിദ്യാലയത്തിലും) | | | |
| ഇതിനായി ഗണിത പഠനത്തിന് ഗണിതമൂല, ഗണിതപ്പെട്ടി തുടങ്ങിയവ ഒരുക്കുന്നു. ഉല്ലാസഗണിതം, ഗണിതവിജയം തുടങ്ങിയവയുടെ പഠനസാമഗ്രികൾ കുട്ടികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. | കുട്ടികൾ രക്ഷിതാക്കൾ | അധ്യാപകർ രക്ഷിതാക്കൾ | ജൂൺ- മെയ് |
| ഗണിതപഠനോപകരണ നിർമ്മാണ ശില്പശാല | കുട്ടികൾ രക്ഷിതാക്കൾ | അധ്യാപകർ രക്ഷിതാക്കൾ | ജൂലൈ– ആഗസ്റ്റ് |
| ICT സാധ്യതകൾ, ഗണിതകളികൾ തുടങ്ങിയവ പഠനത്തിൽ ഉപയോഗിക്കുന്നു. | | | ജൂൺ–മാർച്ച് |

# ENGLISH

Aim

To speak read and write English without any mistakes

To develop listening skill ( June, July)

Language games
Action songs
Hello english activities
Poem recitation
telling and hearing stories (Art, ICT)
Readers Theatre

To develop speaking skill (August, september)

Descriptions
picture reading
Self introduction
Riddles
Conversation
Roleplay
Story telling (from pictures)
speech bubbles
English assembly
Readers theatre

To develop Reading skill (October-November)

Newspaper reading
Book review
Collect & read new words, rhyming words

Picture description
Picture dictionary
Library books readings
reading cards
poem recitation
story presentation( modulation)

Writing skills
Make word map
Picture description
Conversation
Add more lines
Develop story
Notice
proclamation
Diary
Magazine
story

# പരിസരപഠനം

**ലക്ഷ്യം** :- നേരനുഭവങ്ങളിലൂടെ പരിസരത്തെ കുറിച്ചറിയുന്ന ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തുന്നു.

i. തുടർക്കാഴ്ചകൾ

| പ്രവർത്തനങ്ങൾ | ഉപഭോക്താവ് | ചുമതല | കാലയളവ് |
|---|---|---|---|
| - പഠനനേട്ടത്തിന് അനുയോജ്യമായ ഫീൽഡ് വിസിറ്റുകൾ നടത്തുന്നു. | കുട്ടികൾ | അധ്യാപകർ PTA | പഠന നേട്ടങ്ങളുമായി ബന്ധിപ്പിച്ച് |
| • അനുയോജ്യമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു. | | | |
| • ലാബിന്റെ സഹായത്തോടെ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | കുട്ടികൾ | അധ്യാപകർ | ജൂൺ - മാർച്ച് |
| • ശാസ്ത്ര പരീക്ഷണ ശില്പശാലകൾ നടത്തുന്നു. | കുട്ടികൾ | അധ്യാപകർ | സെപ്തംബർ |
| • ഒരു വർഷം കൊണ്ട് 20 ഓ പരീക്ഷണങ്ങൾ പൂർത്തിയാക്കുന്നു. | | ശാസ്ത്ര ക്ലബ് | |
| • പരിസര നടത്തം | കുട്ടികൾ | അധ്യാപകർ | |
| • സ്വതന്ത്ര നടത്തം | | | |

പരിസരപഠനം

| പ്രവർത്തനങ്ങൾ | ഉപഭോക്താവ് | ചുമതല | കാലയളവ് |
|---|---|---|---|
| • ട്രാഫിക് അടയാള ചിഹ്നങ്ങൾ തിരിച്ചറിയുന്നു. (ട്രാഫിക് വീഡിയോ) | കുട്ടികൾ | അധ്യാപകർ | |
| • കേരള ഭൂപടത്തിൽ നിന്ന് സ്വന്തം ജില്ല കണ്ടെത്തുന്നു. വിവരണം തയ്യാറാക്കുന്നു. | കുട്ടികൾ | അധ്യാപകർ | |
| • ജൈവ വൈവിധ്യത്തെ കുറിച്ചും അനുകൂലനങ്ങളെ കുറിച്ചും ധാരണ നേടുന്നു. | കുട്ടികൾ | അധ്യാപകർ | |
| • ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം അറിഞ്ഞ് രാജ്യസ്നേഹം വളർത്തുന്നു. | കുട്ടികൾ | അധ്യാപകർ | |
| • ഇന്ത്യയുടെ ഭൂമിശാസ്ത്ര സാംസ്കാരിക വൈവിധ്യങ്ങൾ അറിയുന്നു. (ഭൂപടം, കലാരൂപം, വീഡിയോ) | കുട്ടികൾ | അധ്യാപകർ. | |

മേഖല: അക്കാദമികം

ഉപമേഖല: അറബിക്

ക്ലാസ് I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു | - അക്ഷരവായന | I - II | ജൂൺ - ജൂലൈ | | |
| | - ക്ലാസ് വായന | I - II | ജൂൺ-ഫെബ്രുവരി | അധ്യാപകർ | |
| | - ലൈബ്രറി വായന | III - IV | നവം - ഡിസംബർ | | അധ്യാപകർ PTA SRG |
| | - ചിത്ര വായന | I - IV | | | |
| | - മാഗസിൻ വായന | III - IV | | | |
| | - വീട്ടുവായന | I - IV | | | |
| | - കഥാ വായന | III - IV | | | |
| | - വായനാമത്സരങ്ങൾ | II - III - IV | ജൂൺ - മാർച്ച് | | |
| | - മോണിറ്ററിംഗ് | | ജൂൺ - മാർച്ച് | | |
| | - വാക്യങ്ങൾ ഉറപ്പിക്കൽ | I - IV | ജൂൺ - മാർച്ച് | | |
| | - വ്യാകരണങ്ങൾ | III - IV | ജൂൺ - മാർച്ച് | | |
| | - ഇ-വായന | I - IV | ജൂൺ - മാർച്ച് | | |
| • അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | I - IV | ജൂലൈ-മാർച്ച്<br>ജൂലൈ-മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |
| | - ലാംഗ്വേജ് ഗെയിംസ് | | | | |
| | - റോൾ പ്ലേ | | | | |
| | - ക്ലാസ് സംഭാഷണം | I - IV | ആഗസ്റ്റ്-ഫെബ്രുവരി | | |
| | - കാർട്ടൂൺ | | | | |
| | - പ്രദർശനം | I - IV | | | |
| | - പദസമ്പത്ത് വർദ്ധിപ്പിക്കൽ. | III - IV | | | |
| | - ഡ്രമാറ്റൈസേഷൻ | I - IV | | | |
| • അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ | III - IV | ജൂൺ-മാർച്ച് | | |
| | - പദങ്ങൾ ഉറപ്പിക്കൽ | | | | |
| | - ചിഹ്നങ്ങൾ ഉറപ്പിക്കൽ | I - II | ജൂൺ-മാർച്ച് | | അധ്യാപകർ PTA |
| | - കൂട്ടി എഴുത്ത് | I - II | ജൂൺ-മാർച്ച് | അധ്യാപകർ | |
| | - അക്ഷരക്കാർഡ് നിർമ്മാണം | I - II | ജൂൺ-മാർച്ച് | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ...ഭാഷാഭിരുചി ...സാരിക്കുന്ന-...ിനും, ഭാഷാ പരിപോഷണ...ത്തിനും | - കൈയെഴുത്ത് മാസിക | III–IV | ഡിസം – സപ്തം | | |
| | - ചുമർ പത്രിക നിർമ്മാണം | III–IV | മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |
| | - ചാർട്ടെഴുത്ത് | | ഒക്ടോബർ | | |
| | - ചിത്രകഥ നിർമ്മിക്കൽ | III–IV | ഫെബ്രുവരി | | |
| | **Translation** | | | | |
| | - Malayalam to Arabic | III–IV | | | |
| | - Arabic to Malayalam | III–IV | | | |
| | - Arabic to English | | ജൂൺ – മാർച്ച് | | |
| | - English to Arabic | III–IV | | | |
| | - എന്റെ സ്വന്തം നിഘണ്ടു<br>• വളരുന്ന നിഘണ്ടു<br>• വളരുന്ന പുസ്തകം | I–IV ~~മാർച്ച് ഫെബ്രു- മാർച്ച്~~ | ~~I–IV~~ ഫെബ്രു– മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |
| എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക. | | | | | |